## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **22-07-2021 - ൽ മറുപടിയ്ക്ക്**

## കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പുതുതായി ആരംഭിച്ച ചെറുകിട വ്യവസായങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പുതുതായി എത്ര ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കണ്ണൂർ ജില്ലയിൽ പുതുതായി 3985 ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 14470 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ഇതു കൂടാതെ കണ്ണൂർ ജില്ലയിൽ കെ.എസ്.എൈ.ഡി.സി യുടെ വലിയവെളിച്ചം വ്യവസായ വളർച്ചാകേന്ദ്രത്തിൽ 18 ചെറുകിട വ്യവസായങ്ങളിലായി 350 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കാസർഗോഡ് ജില്ലയിൽ പുതുതായി 1336 ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 5042 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. |
| (ബി) | കാസർഗോഡ് പ്രവർത്തിച്ചുകൊണ്ടിരുന്നതും വർഷങ്ങളായി പൂട്ടികിടക്കുന്നതുമായ ആസ്ട്രാ & വാച്ചസ് എന്ന പൊതു മേഖലാ സ്ഥാപനം തുറന്നുപ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | 1992-93 മുതൽ നഷ്ടത്തിലായിരുന്ന കാസർഗോഡ് പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ചസ് ലിമിറ്റഡ് 2002 ൽ പ്രവർത്തനം നിർത്തുകയും, തുടർന്നു 2009 ൽ കമ്പനി വൈന്റ് അപ്പ് ചെയ്തിരുന്നു. കമ്പനിയുടെ സ്ഥലവും (1.99 ഏക്കർ) അതിലുള്ള പഴയ കെട്ടിടവും കെ.എസ്.ഐ.ഡി.സി ഏറ്റെടുത്തു. നിലവിലെ പദ്ധതി പ്രകാരം കെ.എസ്.എൈ.ഡി.സി ഈ സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ